ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ) :

(എ) ഇല്ല.

(ബി) ഇല്ല. ബ്ലാക്ക് കൗ തുറക്കുന്നതു് ജില്ലാ വികസന കൗൺസിലു കൾ തയാറാക്കിയിട്ടുള്ള മൻഗണനാ ലിസ്റ്റും അനുസരിച്ചാണു്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഇപ്പോൾ തയാറാക്കാൻപോകുന്ന ലിസ്റ്റു അനുസരിച്ചു് ഓരോ ബ്ലാക്കും ഇല്ലാത്ത സ്ഥലങ്ങളിലാണു് അനുവദിക്കേണ്ടതു് എന്നുള്ള കാര്യം ഗവണ്മെന്റു് മനസ്സിലാക്കിയിട്ടുണ്ടോ ?

ശ്രീ. സി. അച്യുതമേനോൻ : ജില്ലാവികസന ബ്ലാക്കുകൾക്കു വിട്ടുകൊടുത്തിട്ടുള്ള അധികാരത്തിൽ പിന്നെ ഗവണ്മെന്റു് ഇടപെടണമെന്നു വിചാരിക്കുന്നില്ല.

വനങ്ങളിലെ തടിമോഷണം.

* 1450. [6] ശ്രീ. പി. ആർ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വനംവകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ :

(എ) 1958-59-സാമ്പത്തികവർഷത്തിൽ വനങ്ങളിൽനിന്നു് തടി, വിറകു് മുതലായവ കളവായി വെട്ടി എന്ന കാരണത്തിന്മേൽ എത്രപേരുടെ പേരിൽ കേസ്സെടുത്തിട്ടുണ്ടു് ;

(ബി) എത്ര ആളുകളെ ശിക്ഷിച്ചിട്ടുണ്ടു് ;

(സി) പിഴയായി ഈ ഇനത്തിൽ ഗവണ്മെൻറിലേക്കു് എന്തു തുക ലഭിച്ചു ;

(ഡി) എത്രപേർ ജയിൽ ശിക്ഷ അനുഭവിച്ചു ?

കൃഷിയും വനവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോർജ്ജു്) :

ഈ ചോദ്യത്തിന്റെ മുഴുവൻ വിവരങ്ങളും ലഭിച്ചിട്ടില്ല. കൊല്ലം സർക്കിളിൽനിന്നും കിട്ടിയ വിവരങ്ങളും മാത്രമാണു് പറയുന്നതു്.

(എ) 1958-59-ൽ വനങ്ങളിൽനിന്നും തടി, വിറകു് മുതലായവ കളവായി വെട്ടിയതിനു് 3452 പേരുടെ പേരിൽ കേസ്സെടുത്തിട്ടുണ്ടു്.

(ബി) 1,332 ആളുകളെ ശിക്ഷിച്ചിട്ടുണ്ടു്.

(സി) പിഴയായി 6006 രൂപ ഗവണ്മെൻറിനു് ലഭിച്ചിട്ടുണ്ടു്.

(ഡി) രണ്ടുപേർ ജയിൽശിക്ഷ അനുഭവിച്ചിട്ടുണ്ടു്.

ശ്രീ. പി. ആർ. ഫ്രാൻസിസ് : തൃശ്ശൂർ ഡിസ്ട്രിക്ടിൽ വെള്ളാനിക്കര റേഞ്ചിൽനിന്നും മരം മുറിച്ചു എന്ന കാരണത്താൽ കുറെ സ്ത്രീകളുടെ പേരിൽ കേസ്സെടുത്തിട്ടുണ്ടോ ?

ശ്രീ. കെ. സി. ജോർജ്ജു് : അതേപ്പറ്റി എനിക്കിപ്പോൾ മറുപടി പറയാൻ നിവൃത്തിയില്ല.

ശ്രീ. പി. ആർ ഫ്രാൻസിസ് : സാധുക്കളായ എഴുപത്തിനാലു് വയസ്സുള്ള കണ്ണുകാണാത്തതായ ഒരു സ്ത്രീയുടേയും മറ്റു് മുന്നൂറിൽപ്പരം സാധു സ്ത്രീകളുടെയും പേരിൽ കേസ്സെടുത്തിട്ടുണ്ടെന്നു പറഞ്ഞാൽ അതേക്കുറിച്ചു് അന്വേഷിക്കുമോ ?

ശ്രീ. കെ. സി. ജോർജ്ജു് : അന്വേഷിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. രാമുണ്ണിക്കറുപ്പ് : ഗവണ്മെന്റ വനങ്ങളിൽനിന്നും മരം മുറിക്കുന്നതിനാണ് കേസ്സ് ചാർജ്ജ ചെയ്തിട്ടുള്ളതെന്ന പറഞ്ഞു. എന്നാൽ മലബാറിലെ സ്വകാര്യവനങ്ങളിൽനിന്നും മരം മുറിക്കുന്നതിനെപ്പറ്റി കേസ്സെടുക്കുന്നുണ്ടോ ?

ശ്രീ. കെ. സി. ജാർജ്ജ് : നിയമവിരുദ്ധമായി മരം വെട്ടിയിട്ടുള്ള ആളുകളുടെ മേൽ കേസ്സെടുത്തിട്ടുണ്ട്.

ശ്രീ. പി. ആർ ഫ്രാൻസിസ് : സാധാരണയായി കാട്ടിൽ വിറകു് ശേഖരിക്കുന്ന സ്ത്രീകളുടെ പേരിൽ കേസ്സെടുത്തിരിക്കുന്നതു് വളരെ കഷ്ടമായിട്ടുള്ളതാണെന്നു ഗവണ്മെന്റ മനസ്സിലാക്കിയിട്ടുണ്ടോ ?

ശ്രീ. കെ. സി ജാർജ്ജ് : വനംനിയമം ലംഘിക്കുന്ന ആരുടെ പേരിലും കേസ്സെടുക്കുന്നതാണ്. പക്ഷെ അതു മാക്ഷിണ്യമായി തീരുമാനിക്കണമെന്നാണെങ്കിൽ അതു് ആലോചിക്കേണ്ട കാര്യമാണ്.

ശ്രീ. പി. ആർ. ഫ്രാൻസിസ് : ഇതേവരെ അവക്കു് ചെറിയ ലൈസൻസ് കൊടുത്തുവന്നിരുന്നോ ?

ശ്രീ. കെ. സി. ജാർജ്ജ് : ചെറിയ ലൈസൻസ് ഇപ്പോഴും കൊടുക്കുന്നുണ്ടു്.

തെങ്ങുകൃഷി.

* 1451. [7] ശ്രീ. ആർ. ജനാർദ്ദനൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1958-59-ൽ എത്ര ടൺ കൊപ്രാ സിലോണിൽനിന്നും ഈ സംസ്ഥാനത്തിൽ ഇറക്കുമതി ചെയ്തിട്ടുണ്ടു് ; അതിനു് എത്ര തുക വിലയായിട്ടുണ്ടു് ;

(ബി) തെങ്ങുകൃഷി വർദ്ധിപ്പിക്കുന്നതിനും, അഭിവൃദ്ധിപ്പെടുത്തുന്നതിനും ഗവണ്മെന്റിനു് ഏതെങ്കിലും പദ്ധതിയുണ്ടോ ; ഉണ്ടെങ്കിൽ അതെന്താണു് ;

(സി) ഒന്നാം പഞ്ചവത്സരപദ്ധതിയുടെ ഫലമായി കൂടുതൽ എത്ര ഏക്കർ സ്ഥലത്തു് തെങ്ങുകൃഷി വർദ്ധിച്ചിട്ടുണ്ടു് ?

നിയമവകുപ്പുമന്ത്രി (ശ്രീ. വി. ആർ. കൃഷ്ണയ്യർ) :

(എ) 1958-59-ൽ ഈ സംസ്ഥാനത്തു് ഇറക്കുമതിചെയ്ത സിലോൺ കൊപ്രായെക്കുറിച്ചുള്ള പൂർണ്ണവിവരങ്ങൾ ലഭിച്ചിട്ടില്ല. ഉള്ളതു വിവരങ്ങൾ താഴെ കൊടുക്കുന്നു.

കൊച്ചി 1,858 ടൺ. ഇതൊരു നിണ്ട സ്റ്റോറുമെൻറാണു്. മേശപ്പുറത്തു വയ്ക്കാം.*

(ബി) തെങ്ങുകൃഷി വർദ്ധിപ്പിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനുമായി താഴെ പറയുന്ന പദ്ധതികളും ഈ സംസ്ഥാനത്തിൽ നിലവിലുണ്ടു്. ഒന്നു് മാതൃകാകൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുക, നല്ലയിനം തെങ്ങിൻതൈകളും വിതരണം ചെയ്യുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കുക, തെങ്ങുരോഗനിവാരണത്തിനുള്ള മരുന്നുതളി നടത്തുക, സംസ്ഥാനത്തു നിലവിലുള്ള 15 തെങ്ങിൻതൈ ഉൽപ്പാദനകേന്ദ്രങ്ങളിൽനിന്നും രണ്ടുലക്ഷത്തോളം തെങ്ങിൻതൈകളും

* Placed in the Library.

LIBRARY ARCHIVES Kerala Legislative Assembly